നം.കെ.എസ്.എ-കെ.ടി.എം.പി4/318/2019 തീയതി : 24.04.2019

# കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.08.2017 മുതൽ 28.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.03.2019 -ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ**(ഹ.ഗ്രേ.)** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.03.2019 മുതൽ 28.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ(ഹ.ഗ്രേ.) |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരി എം.റ്റി. | 1.04.2017-06.12.2017 |
| | ശ്രീമതി ഷേർളി രാജു | 06.12.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.ഒ.എം.മത്തായി | 1.04.2017-30.04.2017 |
| | ശ്രീമതി രാജരാജേശ്വരി എസ്. | 02.05..2017-22.02.2018 |
| | ശ്രീ.അനിൽകുമാർ റ്റി.എസ്. (അസിസ്റ്റന്റ് സെക്രട്ടറി) | 23.02.2018-18.03.2018 |
| | ശ്രീമതി ലിറ്റി തോമസ് | 18.03.2018-31.03.2018 |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽകുമാർ റ്റി.എസ് | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സോജൻ കെ.എസ്. | 01.04.17 മുതൽ 17.12.2017 വരെ |

| | | |
|---|---|---|
| | ശ്രീ.സനീഷ് കെ.ബി. | 18.12.2017മുതൽ 31.03.18 വരെ |
| കൃഷിഓഫീസർ | ശ്രീ.ഹാരിസ് എം. | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറിസർജൻ | ഡോ.അജോ ജോസഫ് | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.അരുൺകുമാർ എ.ജി. | 01.04.17 മുതൽ 31.03.18 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി സുഷഹരി | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ഗീത ബി. | 01.04.17 മുതൽ .15.12.2017 വരെ |
| | ശ്രീമതി ശശികല കെ.ആർ. | 15.12.2017 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുധ എ.പിള്ള | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.സിന്ധു കുര്യാക്കോസ് | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഷാഹിന സി.കെ. | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി അംബിക സി.കെ. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സെബാസ്റ്റ്യൻ ആന്റണി | 01.04.17 മുതൽ 10.07.2017 വരെ |
| | ശ്രീമതി ജെമിനി ജോൺ | 11.07.2017 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-2 | ബി.എസ്.എൻ.എൽ. ടവർ-വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-2-1 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച |

| | |
|---|---|
| 2-2-2 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-3-1 | ഡി & ഒ ലൈസൻസ് പുതുക്കുന്നതിനായി സമയപരിധി പാലിക്കുന്നില്ല |
| 2-3-2 | പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് നേടാതെ അനധികൃതമായി പ്രവർത്തിക്കുന്നു |
| 2-3-3 | ആധികാരികമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് |
| 2-4-1 | ബൈലോ നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| 2-4-2 | വാടക/ലേലം-നടപടിക്രമങ്ങളിൽ വീഴ്ച |
| 2-5 | ക്രമവൽക്കരണം-ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-6 | രസീതുകൾ ക്രമപ്രകാരം റദ്ദ് ചെയ്യുന്നില്ല |
| 2-7 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം |
| 2-8 | വിവിധോദ്ദേശ/സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമാക്കിയ ഗ്രാന്റുകൾ-ചെലവഴിക്കാതെ അവശേഷിക്കുന്നു |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവുവിളക്ക് മെയിന്റനൻസ്/സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-2 | കുടിവെള്ളടാപ്പുകളുടെ വെള്ളക്കരം അടവാക്കാത്തത് സംബന്ധിച്ച് |
| 3-3 | ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നൽകി |
| 3-4 | റോഡ് പ്രവൃത്തികൾ-ബാരൽവില ഈടാക്കിയില്ല |
| 3-5 | ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്തില്ല. വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി |
| 3-6 | പഞ്ചായത്ത് ഓഫീസ് ഹാളിന് സ്റ്റേജ് നിർമ്മാണം-അലുമിനിയം ഷീറ്റിന് പകരം ജി.ഐ. ഷീറ്റുപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചു,-അലുമിനിയം ഷീറ്റിന്റെ നിരക്ക് നൽകി |
| 3-7 | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-8 | നിക്ഷേപപ്രവൃത്തികൾ-തുടർനടപടികളുടെ വിശദാംശം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | കയർ ഭൂവസ്ത്രനിർമ്മാണം-പാഴ്ചെലവ് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | വാർഷികകണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 65,30,488 | 96,47,309 |
| വരവ് | 9,80,26,000 | 5,41,51,965 |
| ആകെ | 10,45,56,488 | 6,37,99,274 |
| ചെലവ് | 10,10,79,000 | 5,30,04,884 |
| നീക്കിയിരിപ്പ് | 34,77,488 | 1,07,94,390 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ കഴിയുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. മേൽ വകുപ്പ് പ്രകാരം വാർഷിക ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി14.05.2018-ലെ 7(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 24.05..2018 ലെ AO--1506/18 നം. കത്ത് പ്രകാരം 08.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 26.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 26.06.2018 -ലെ കെ.എസ്.എ-കെ.ടി.എം.പി4-1193/2018 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 96,47,309 |
| വരവ് | 5,41,51,965 |
| ആകെ | 6,37,99,274 |
| ചെലവ് | 5,30,04,884 |
| നീക്കിയിരിപ്പ് | 1,07,94,390 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 67,65,000 | 67,65,000 | (30,000) | 5,69,466 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 61,95,534 | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 14,56,109 | 14,56,109 | 13,65,340 | 90,770 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,01,959 | 1,01,959 | 65,799 | 36,160 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14,76,000 | 14,76,000 | 14,76,000 | -- | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,91,000 | 25,91,000 | 24,98,843 | 92,157 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 31,29,636 | 31,29,636 | 31,29,636 | | |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 29,399 | 29,399 | 29,399 | -- | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 37,08,301 | 56,08,000 | 93,16,301 | 88,55,583 | 4,60,718 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 8,026 | 1,02,62,864 | 1,02,70,890 | 1,02,62,177 | 8,713 | |
| റ്റോറ്റൽ സാനിറ്റേഷൻ | | 21,27,388 | 24,68,394 | 1,16,085 | 23,52,309 | |
| ട്രഷറി ടി.എസ്.ബി | 2,16,706 | 11,303 | 2,28,009 | 0 | 2,28,009 | |
| ജോയിന്റ് വെഞ്ചർ | 0 | 11,50,000 | 11,50,000 | 2,00,000 | 9,50,000 | |
| ബി ഫണ്ട് | | | | | | |
| തനതുഫണ്ട്, എസ്.ബി.ഐ. | 84,68,383 | 78,41,682 | 1,63,10,065 | 1,12,85,259 | 50,24,806 | |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9.1.2017ലെ സർക്കാർ ഉത്തരവ്(എം.എസ്.)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15.5.2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.5.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490-/17-/DPC/DPO/KTM തീയതി 31.05,2018

ആകെ അടങ്കൽ 5,22,82,898 രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവ് വിവരവും.

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 15 | 9 | 62,59,386 | 27,40,287 | 44 |
| | സേവനം | 63 | 43 | 1,66,11,913 | 1,13,67,973 | 68 |
| | പശ്ചാത്തലം | 108 | 75 | 2,67,39,167 | 1,93,22,932 | 68.72 |
| എസ്.സി.പി | ഉത്പാദനം | | | -- | -- | |
| | സേവനം | 11 | 7 | 23,69,000 | 19,29,240 | 81 |
| | പശ്ചാത്തലം | 1 | 1 | 2,04,432 | 1,64,500 | |
| റ്റി.എസ്.പി | ഉത്പാദനം | | | -- | -- | |
| | സേവനം | 3 | | 99,000 | 19,895 | 20 |
| | പശ്ചാത്തലം | -- | -- | -- | -- | |
| | ആകെ | 203 | 135 | 5,22,82,898 | 3,55,44,827 | 68 |

ആകെ 135 പ്രോജക്കുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 68 പ്രോജക്കുകൾ ഉപേക്ഷിച്ചു. 68 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന- സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 203 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ വിവരിക്കും പ്രകാരം 13 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 5 | 17,45,986 | 12,50,287 | 71 |
| 2. | വെറ്ററിനറി സർജൻ | 2 | 2 | 13,90,000 | 7,40,000 | 53 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 1 | 1 | 4,50,000 | 4,50,000 | 100 |
| 4. | വി.ഇ.ഒ. | 4 | 2 | 27,34,167 | 11,91,667 | 43 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 1 | 3,40,000 | 3,00,000 | 88 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 5 | 5 | 34,66,799 | 24,75,394 | 71 |

| | | | | | | |
|---|---|---|---|---|---|---|
| 7 | സെക്രട്ടറി | 30 | 21 | 73,34,570 | 47,82,600 | 65 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 130 | 82 | 3,00,84,968 | 2,04,87,711 | 68 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 3 | 10,75,000 | 6,80,300 | 63 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 7,50,000 | 7,50,000 | 100 |
| 11 | ഹെഡ്മിസ്ട്രസ് | 5 | 4 | 7,86,325 | 7,17,160 | 93 |
| 12 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 1,75,000 | 1,75,000 | 100 |
| 13 | വി.ഇ.ഒ. | 7 | 5 | 19,50,083 | 15,44,708 | 79 |
| | ആകെ | 203 | 135 | 5,22,82,898 | 3,55,44,827 | 68 |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ പച്ചക്കറിയ്ക്ക് കൂലിചെലവ് എന്നീ പ്രോജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. എങ്കിലും കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ റീചാർജിംഗ് എന്ന പ്രോജക്ട് മാതൃകാപരമാണ്. കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറി സർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ. നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന എസ്.റ്റി./എസ്.സി. വിഭാഗത്തിലെ കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ, ലാപ്ടോപ്പ് വാങ്ങൽ എന്നതായിരുന്നു. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന

നടത്തിയില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപ്പെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ അനുബന്ധ പ്രവർത്തനങ്ങൾ, അങ്കണവാടികൾക്ക് വയറിംഗ്, സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, കെ.എസ്.ഇ.ബി.യിലും വാട്ടർ അതോറിട്ടിയിലും നിക്ഷേപപ്രവൃത്തികൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവയായിരുന്നു സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ. കൂടാതെ ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റനൻസ്, തുടങ്ങിയ പ്രോജക്ടുകളും സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട് .

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും, ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

<u>ജനോപകാരപ്രദവും കാലിക പ്രസക്തവുമായ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല</u>

1. 2017-18 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ലൈഫ് മിഷൻ പദ്ധതി വിഹിതം, പി.എം.എ.വൈ വിഹിതം, വീട് പുനരുദ്ധാരണം, എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആനുകാലിക പ്രസക്തിയോടെ പഞ്ചായത്ത് ആവിഷ്കരിക്കുകയും ഡി.പി.സി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, വനിതാ സ്വയം തൊഴിൽ സംരംഭം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. വീട് പുനരുദ്ധാരണവും ഭവന നിർമ്മാണ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകുന്നതുമായ പതിവ് പദ്ധതികളാണ് വി.ഇ.ഒ.നടപ്പിലാക്കിയത്.
2. കൂടാതെ ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭിച്ച ഉഴവൂർ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലമെടുപ്പ്, ഉഴവൂർ മാർക്കറ്റ് മാലിന്യസംസ്കരണപ്ലാന്റ് മെയിന്റനൻസ് എന്നീ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല.
വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചതും പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതുമായ ജനോപകാരപ്രദവും കാലിക പ്രസക്തവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ വീഴ്ചവരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഡി.പി.സി അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളും നടപ്പാക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

<u>പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

2017-18 വർഷം, പൊതുമരാമത്ത് മേഖലയിൽ 130 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 82 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. 3,00,84,968 രൂപ വകയിരുത്തിയതിൽ 2,04,87,711 രൂപ ചെലവഴിച്ചിട്ടുണ്ട് (68%ചെലവ്) സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 82 പ്രവർത്തികളിൽ 75% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ

കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ആറ് അങ്കണവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരു പരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 292 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 127 പ്രോജക്ടുകളിൽ 96 എണ്ണം തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 23913 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 467 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉഴവൂർ ശാഖയിലെ 67062031869 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| ഇനങ്ങൾ | തുക | ആകെ തുക |
|---|---|---|
| മുന്നിരിപ്പ് | 8,026 | |
| ഇ.എഫ്.എം.എസ് വരവ് | 97,84,780 | |
| ഭരണപരമായ ചെലവുകൾ | 4,77,260 | |
| ബാങ്ക് പലിശ | 1,511 | |
| ആകെ | | 1,02,71,577 |
| ചെലവ് | | |
| ലേബർ ഇൻസെന്റീവ് | 67,71,554 | |
| മെറ്റീരിയൽ കോസ്റ്റ് | 30,13,226 | |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 72,624 | |
| ശമ്പളം | 4,05,460 | |
| മറ്റിനങ്ങൾ | -- | |
| ആകെ | 1,02,62,864 | 1,02,62,864 |
| നീക്കിയിരിപ്പ് | 8,713 | 8,713 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 21 | 12,600 |
| കർഷകതൊഴിലാളി പെൻഷൻ | 197 | 23,62,300 |

| | | |
|---|---|---|
| വിധവാപെൻഷൻ | 408 | 48,40,900 |
| വാർദ്ധക്യകാലപെൻഷൻ | 788 | 1,08,14,000 |
| വികലാംഗപെൻഷൻ | 188 | 21,31,200 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 26 | 3,21,300 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.03.2019 തീയതിയിൽ 2:45 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 17,843 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

<u>ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു</u>

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഭൗതിക പരിശോധന നടത്തുന്നില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

5) യാത്രാബത്ത മുൻകൂർ, ഫെസ്റ്റിവൽ അഡ്വാൻസ് ഇനങ്ങളിൽ നൽകിയ തുകകൾ യഥാസമയം അഡ്ജസ്റ്റ്

ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് വർഷത്തിൽ ഈയിനങ്ങളിൽ കുടിശ്ശികയുള്ളതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6) സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.

7) ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് പല വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇതുമൂലം നിലനിൽക്കുന്നു.

8) നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തിയിട്ടില്ല.

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിയ്ക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2018 | 1/2019 | 03.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.2018 | 2013-14/2017-18 | 30.01.2019 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ.(എം.എസ്.)152/2011 തസ്വഭവ തീ: 26.07.2011 പ്രകാരം ആസ്തികൾ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

2) തൻവർഷം ആർജ്ജിച്ച ആസ്തികൾ എല്ലാം ബാലൻസ് ഷീറ്റിന്റെ ബി11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തിയാക്കപ്പെട്ടവയുടെ വർക്ക്ഷീറ്റ് സൂക്ഷിക്കാത്തതിനാൽ ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെയും ബി3 റിസർവ് തുകകളുടെയും കൃത്യത പരിശോധിക്കാനാവില്ല.

3) വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, notes accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4) പഞ്ചായത്ത് ദുരിതാശ്വാസ ഫണ്ടിനത്തിൽ 11,087 രൂപ ബാദ്ധ്യതയുള്ളതായി ബി2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്ബുക്ക് പ്രകാരം ഇത് 10,587 രൂപയാണ്(ബി17 ഷെഡ്യൂൾ).

5) വാടക, മാർക്കറ്റ് വരവ് എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബി15 പ്രകാരമുള്ള Rent receivables from buildings(arears), Receivables towards Market receipt(arears) എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത വ്യക്തമല്ല.

6) ബി18 ഷെഡ്യൂൾ പ്രകാരം Advance to Implementing Agencies Deposit with KWA എന്ന ശീർഷകത്തിൽ 5,68,538 രൂപയും Advance to implementing Agencies Deposit with Kerala Electricity Board എന്ന

ശീർഷകത്തിൽ 17,94,375 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകകളാണ്. മുൻവർഷം ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗ വിവരങ്ങൾ ലഭിക്കാത്തതുമായ തുകകൾ ഈ ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) തൻവർഷ കുടിശ്ശികതുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

8) ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ട മൂല്യശോഷണം കണക്കാക്കേണ്ട എല്ലാ അസ്തികൾക്കും ആയത് കണക്കാക്കി I 17 a ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10) ബാലൻസ് ഷീറ്റിൽ state govt censes/levies in property tax(library) എന്ന ഇനത്തിലുള്ള തുക ബാലൻസ് ഷീറ്റിലെ വസ്തുനികുതി ബാലൻസിന്റെ 5% അല്ല (42,305.47 രൂപ വ്യത്യാസം)

11) തടിലേലത്തിന്റെ ജി.എസ്.ടി.യുടെ വിശദാംശങ്ങൾ റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) 50,000 രൂപ ബ്ലോക്ക് വിഹിതം ലഭിച്ചതിന്റെ വിവരങ്ങൾ ഐ.കെ.എം.ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

1. ട്രസ്റ്റി എസ്.എച്ച്. ചർച്ച് മോനിപ്പള്ളിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 11 Aമുതൽ W വരെ 23 നമ്പറുകൾ നൽകി ആകെ 681.11 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 805.06 ച.മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു.ആകെ വിസ്തീർണ്ണത്തിൽ 123.95ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല. 10,412 രൂപ പ്രതിവർഷം നഷ്ടമുണ്ടാകുന്നു(123.95X70 വർദ്ധനവ് 20%).
2. ശ്രീ.റെജിമോൻ അലക്സ് പി.എൽ., ഏബ്രഹാം ജോസ് റ്റി.സി. എന്നിവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് VIII/ A മുതൽ F വരെ നമ്പറുകൾ നൽകി ആകെ 214 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 228.12ച.മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു. ആകെ വിസ്തീർണ്ണത്തിൽ 14.13ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല. 1,187 രൂപ പ്രതിവർഷം നഷ്ടമുണ്ടാകുന്നു(14.13X70 വർദ്ധനവ് 20%).
3. ശ്രീ.സണ്ണി മങ്കലത്ത് മോനിപ്പള്ളി എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് VIII/545 B മുതൽ E വരെയുള്ള നമ്പറുകൾ നൽകി ആകെ 110.54 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാനിൽ ആകെ 118.36 ച.മീറ്റർ വിസ്തീർണ്ണമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ വിസ്തീർണ്ണത്തിൽ 7.816 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല. 469 രൂപ പ്രതിവർഷം നഷ്ടമുണ്ടാകുന്നു(7.816X70 വർദ്ധനവ് 20%).

മേൽ പരാമർശിച്ച അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.7/23.3.19) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 2-1-2 ബി.എസ്.എൻ.എൽ. ടവർ - വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്തിന്റെ കൗൺസിൽ ഹാളിനു സമീപം സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ ടവറിന്റെ നികുതി നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. പതിനൊന്നാം വാർഡിലെ ബി.എസ്.എൻ.എൽ ടവറിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. പരാമർശിത ടവറിന്റെ വസ്തുനികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.6/23.3.19) മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതുമാണ്.

## 2-1-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ വിവരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വിസ്തീർണ്ണം | സ്ഥാപനത്തിന്റെ പേര് | പുതിയ നികുതി | കുടിശിക(2017-18)വരെ |
|---|---|---|---|---|---|
| 1 | 1/97 | 9ച.മീ | മാനേജർ, എ.റ്റി.സി.ടെലിക്കോം | 8000 | 43121 |
| 2 | 11/313 | 11.5ച.മീ | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. | 4050 | 71952 |

നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.6/23.3.19) മാനേജർ എ.റ്റി സി. യുടെ ഉടമസ്ഥതയിലുള്ള ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിലേക്കായി പാലാ മജിസ്ട്രേറ്റ് കോടതിയിൽ സി.എം പി 2998/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും ജനറൽ മാനേജർ ബി.എസ്.എൻ.എൽ.ന്റെ ഉടമസ്ഥതയിലുള്ള ടവറിന്റെ നികുതി ഈടാക്കുന്നതിന് ആർ.ആർ. നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടവറിന്റെ ജപ്തി അപ്രായോഗികമായതിനാൽ പ്രോസിക്ക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നെന്നും സെക്രട്ടറി മറുപടി നൽകി. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-1 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപതു ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് ആ പ്രദേശത്തോ, അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ, അല്ലങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, അല്ലങ്കിൽ മുതൽ മുടക്കിൽ നിന്ന് എതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൻവർഷം സർക്കാർ ജീവനക്കാരുടേയും നാമമാത്രമായി സ്വകാര്യ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ഒഴികെ മേൽ സെക്ഷൻ പ്രകാരമുള്ള സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, വക്കീലൻമാർ, വാഹന ഉടമകൾ, കേബിൾ ടി.വി ഓപ്പറേറ്റർമാർ, ആധാരം എഴുത്തുകാർ, വ്യവസായ സ്ഥാപനങ്ങൾ, മറ്റ് സംരംഭകർ, എന്നി വിഭാഗങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-2-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

2017-18 കാലയളവിലെ ഓഡിറ്റ് പരിശോധനാവേളയിൽ ഡി&ഒ ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനയുടമ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായി താഴെ ചേർക്കുന്ന

സ്ഥാപനങ്ങളിലെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച് നികുതി ഒടുക്കിയിരുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഡി&ഒ ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡിക്സി സോഡ & മാങ്കോ ജ്യൂസ് ഫാക്ടറി | 05 |
| 2 | പടപ്പം മാക്കീൽ ടിംമ്പർ ഇൻഡസ്ട്രീസ് & സോ മിൽ | 04 |
| 3 | ക്രിസ്റ്റൽ ഡിസൈനർ ടൈൽസ് ബ്രിക്സ് | 09 |
| 4 | ഹോട്ടൽ സോഡിയാക്ക് | 05 |
| 5 | മലബാർ സ്റ്റീൽ & റ്റ്യൂബ്സ് | 04 |
| 6 | എസ്.എസ്. പെട്രോളിയം | 04 |
| 7 | കല്ലടയിൽ ജ്വല്ലറി | 04 |
| 8 | മരിയൻ ദന്തൽ ക്ലിനിക്ക് | 02 |
| 9 | ഡൽറ്റാ എൻജിനീയറിംഗ് സിസ്റ്റംസ് | 05 |
| 10 | നീതി മെഡിക്കൽ സ്റ്റോർ | 03 |
| 11 | വെസ്റ്റേൺ ബേക്കേഴ്സ് | 03 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾക്ക് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് 23.03.2019ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.09- ന് മറുപടി നൽകിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ വിഭാഗങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന കാര്യം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-3-1 ഡി& ഒ ലൈസൻസ് പുതുക്കുന്നതിനായി സമയപരിധി പാലിക്കുന്നില്ല

2017-18 കാലയളവിലെ ഡി& ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളും ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപ് അപേക്ഷ സമർപ്പിക്കണമെന്ന സമയക്രമം പാലിക്കാത്തതായി കാണുന്നു. ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 22 പ്രകാരം താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ 25% അധിക ഫീസ് ഈടാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 (5)/23.3.19- ന് മറുപടി ലഭ്യമാക്കിയില്ല.

യഥാസമയം ഡി& ഒ ലൈസൻസിനുള്ള നോട്ടീസ് നൽകി നടപടിക്രമങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ തന്നെ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകളിൽ നിന്ന് അധിക ഫീസ് ഈടാക്കി ഡി& ഒ ലൈസൻസ് നൽകേണ്ടതുമാണ്.

## 2-3-2 പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് നേടാതെ അനധികൃതമായി പ്രവർത്തിക്കുന്നു

1996- ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3- പട്ടിക 1 – ൽ ഉൾപ്പെട്ടിട്ടുള്ളതും പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്നതുമായ കള്ളുഷാപ്പുകൾ, ഇറച്ചിവിൽപന ശാലകൾ, റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് നേടിയതായി കാണുന്നില്ല. പഞ്ചായത്ത് ലേലം വിളിച്ച് നൽകുന്ന 13 മീറ്റ് സ്റ്റാളുകൾ പോലും (വിവരങ്ങൾ ചുവടെ ചേർക്കുന്നു) ഡി& ഒ ലൈസൻസ് നേടാതെയാണ് പ്രവർത്തിക്കുന്നതെന്നുള്ളത് ഗൗരവകരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

| ക്രമ നം. | മീറ്റ് സ്റ്റാൾ - കരാറുകാർ |
|---|---|
| 1 | വി.കെ.ജോണി, പടിഞ്ഞാറേ കുടിയിരിപ്പിൽ |
| 2 | ചാക്കോച്ചൻ, വടക്കേ കുടിയിരിപ്പിൽ |
| 3 | സ്റ്റീഫൻ കെ.എസ്., കളരിക്കൽ |
| 4 | ബിജു തോമസ്, വടക്കേ കുടിയിരിപ്പിൽ |
| 5 | സി.ജെ.ജോർജ്ജ്, ചനപ്പാറയിൽ |
| 6 | സി.യു.തങ്കച്ചൻ, വെള്ളാരിമറ്റത്തിൽ |
| 7 | സി.വി.ബാബു, വെള്ളാരിമറ്റത്തിൽ |
| 8 | ജിജു ജോസഫ്, ചനപ്പാറയിൽ |
| 9 | മാത്തച്ചൻ, ഇടത്തിമറ്റത്തിൽ |
| 10 | പ്രതാപ് കെ.നായർ, പൊയ്യാനിയിൽ |
| 11 | സി.എ.ജോയി, ചെനയമാക്കിൽ |
| 12 | ജോജി ജോസഫ്, പുതുശ്ശേരിൽ |
| 13 | കുര്യൻ ഫിലിപ്, കൊച്ചുപറമ്പിൽ |

ഡി&ഒ ലൈസൻസിനായുള്ള അപേക്ഷയിൽ ചില അപേക്ഷകളിൽ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കാതെയും അപേക്ഷകൻ രേഖപ്പെടുത്തിട്ടുള്ള വിവരങ്ങളിൽ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള മാലിന്യ നിർമാർജ്ജനം, സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, പ്രതിദിന വിറ്റ് വരവ് തുടങ്ങിയവയുടെ ആധികാരികത പരിശോധിച്ച് വിവരങ്ങൾ പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തതെയും ലൈസൻസ് നൽകിയിരിക്കുന്നു.

മേൽ പരാമർശിച്ച അപാകതകൾ ചൂണ്ടികാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം.09/23.3.19ന് മറുപടി ഹാജരാക്കിയിട്ടില്ല. ലൈസൻസ് സംബന്ധിച്ച നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3-3 ആധികാരികമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

സഞ്ചയ പ്രകാരം പഞ്ചായത്തിൽ 1257 കെട്ടിടങ്ങൾ വാണിജ്യം/വ്യവസായാവശ്യത്തിനായി അസസ്സ് ചെയ്യപ്പെട്ടുണ്ടെങ്കിലും ഡി& ഒ ലൈസൻസ് നേടി പ്രവർത്തിക്കുന്നത് 235 സ്ഥാപനങ്ങൾ മാത്രമാണ്. പരിശോധനക്കായി സമർപ്പിച്ച ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 14 വാർഡുകളിലായി 233 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. വാർഡ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | പ്രർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | I | - |
| 2 | II | 1 |
| 3 | III | 1 |
| 4 | IV | 15 |
| 5 | V | 47 |
| 6 | VI | 2 |
| 7 | VII | - |
| 8 | VIII | 97 |

| | | |
|---|---|---|
| 9 | IX | - |
| 10 | X | 23 |
| 11 | XI | 7 |
| 12 | XII | 5 |
| 13 | XIII | 34 |
| 14 | XIV | 1 |
| ആകെ | | 233 |

പഞ്ചായത്ത് ജനപ്രതിനിധികളുടെ സഹായ സഹകരണത്തോടെ പൂർണ്ണമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന പരിശോധന നടത്തി അവയ്ക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 ബൈലോ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്തിൽ വാടക സംബന്ധമായ ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ പൂർത്തീകരിച്ച് നടപ്പിലാക്കിയിട്ടില്ല. 07.06.2017- ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം (നം. 17/1) തയ്യാറാക്കി അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് നൽകിയ കരട് ബൈലോയിൽ ഭേതഗതികൾ ആവശ്യപ്പെട്ട് 08.05.2018- ലെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി.3 - 315/18 കത്തിൻ മേലുള്ള നടപടികൾ ഇതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിട്ടുള്ളതായ പ്രസ്തുത വിഷയത്തിൽ ഇതുവരെ നടപടകൾ സ്വീകരിക്കാഞ്ഞത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 23.03.2019- ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.08(2) - ന് എത്രയും വേഗം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് ആവശ്യപ്പെട്ട രേഖകൾ സഹിതം പുനഃ സമർപ്പിച്ച് അന്തിമ ബൈലോ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് 27.03.2019- ൽ സെക്രട്ടറി മറുപടി നൽകി.

വാടക, ലേലം സംബന്ധമായ ധാരാളം ഇടപാടുകൾ നടക്കുന്ന ഉഴവൂർ ഗ്രാമപഞ്ചായത്തിൽ ഇടപാടുകൾ നിയമാനുസൃതവും സുതാര്യവുമായി നടക്കുന്നതിന് ഇതു സംബന്ധമായ ബൈലോ നിലവിൽ വരേണ്ടത് വളരെ ആവശ്യമാണ്. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-2 വാടക/ലേലം-നടപടിക്രമങ്ങളിൽ വീഴ്ച

40-ഓളം കടമുറികളും 13 മീറ്റ് സ്റ്റാളും, ഓപ്പൺ ഹാൾ, വനിതാ വിപണന കേന്ദ്രം, മിൽക് സൊസൈറ്റി, മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങളും പ്രതി വർഷം വാടക/ ലേലം നടത്തി നൽകുന്നുണ്ടെങ്കിലും മൂന്ന് വാടകക്കാർ മാത്രമാണ് നിയമാനുസൃതം കരാർ ചമച്ചിട്ടുള്ളത്. മറ്റുള്ളവർ കരാർ ചമയ്ക്കാത്തതുമൂലം വാടക/ലേലം കൈകൊള്ളുകയും കരാർ ലംഘിക്കുകയും ചെയ്യുന്ന സംഗതികളിൽ പഞ്ചായത്തിന് കക്ഷികൾക്കെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് തടസ്സം നേരിടുകയും സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിന് ഇടയാകുകയും ചെയ്യും. അതോടൊപ്പം ലേലം നടത്തുന്ന സംഗതികളിൽ 1/3 ലേല തുക അഡ്വാൻസായി സ്വീകരിക്കമെന്നുള്ളതും വാടകക്കാരിൽ നിന്ന് 03 മാസത്തെ വാടക മുൻകൂർ വാങ്ങണമെന്നുള്ളതുമായ കരാർ നിയമങ്ങൾ പാലിക്കുന്നതായികാണുന്നില്ല. എം സി. റോഡ് നവീകരണം മൂലം താൽകാലികമായി പ്രവർത്തനം നിർത്തലാക്കിയിരുന്ന മോനിപ്പള്ളി മാർക്കറ്റ് ഇതുവരെ പുനഃ ലേലം ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.03.2019- ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 08(1,3) – ന് തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-5 ക്രമവൽക്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്

താഴെപ്പറയുന്ന കെട്ടിട ഉടമകൾ കെട്ടിടം നിർമ്മാണത്തിന് മുമ്പായി യഥാവിധി പെർമിറ്റ് വാങ്ങാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണഫീസ് ഈടാക്കിക്കൊണ്ട് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്(ആർ.സി.)സെക്രട്ടറിയുടെ 229813/ആർ.സി.2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സങ്കേതം സോഫ്റ്റ്വെയർ മുഖേന സമർപ്പിച്ച അപേക്ഷയിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും(3 ഇരട്ടി)ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവല്ക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| രാജലക്ഷ്മി ചെറടായിൽ | 243.76 | വാസഗൃഹം | 243.76X9=2194 | 243.76X6=1463 | 731 |
| റവ.ഫാദർ പ്രിയൂർ വല്ലംബ്രൂസം ബെനഡിക്ട് കൺഗ്രഗേഷൻ | 716.8 | വാണിജ്യം | 716.8x15=10752 | 716.8x10=7168 | 3,584 |
| തോമസ് ഒക്കാട്ട് | 92.17 | വാണിജ്യം | 92.17x15=1383 | 92.17x10=922 | 461 |
| ജെസ്സി സ്റ്റീഫൻ കപ്പുകാലായിൽ | 121.46 | വാസഗൃഹം | 121.46x9=1093 | 121.46x6=729 | 364 |
| ദേവസ്യ പത്രോസ് ചമ്പാലക്കുന്നേൽ | 304 | വാസഗൃഹം | 304x9=2736 | 304x6=1824 | 912 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.11/25.03.2019)സങ്കേതം സോഫ്റ്റ്വെയർ പ്രകാരമുള്ള ഫീസ് ആണ് ഈടാക്കിയിരിക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. ഈ വിഷയത്തിന്മേൽ 11.11. 2015ൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നല്കിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ സോഫ്റ്റ്വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്വെയർ നിലവിൽ വന്നശേഷം ക്രമവൽക്കരണകേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 രസീതുകൾ ക്രമപ്രകാരം റദ്ദ് ചെയ്യുന്നില്ല

2017-18 വർഷം ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച രസീത് ബുക്ക് നം.31494, 31495, 31497, 31498 എന്നിവയിലെയും കൃഷി ഓഫീസർ പദ്ധതി നിർവ്വഹണത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ച രസീത് ബുക്ക് നം. 31496- ന്റേയും തൻ വർഷം മിച്ചം വന്ന രസീതുകൾ ക്രമപ്രകാരം റദ്ദ് ചെയ്തിരുന്നില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിൻമേൽ പരാമർശിക്കപ്പെട്ട എല്ലാ രസീതുകളും ക്യാൻസൽ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനവൽ ആയി വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, വിതരണം ചെയ്തിട്ടുള്ളതും ഉപയോഗിക്കാൻ ബാക്കിയുള്ളതുമായ രസീത് ബുക്കുകൾ(മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയതുൾപ്പെടെയുള്ള) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്രമപ്രകാരം ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-7 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിക്കണം

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2017-18 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 183/18, ശാസ്തകുളം ചേറാടി-അറിഞ്ഞുപുഴ റോഡ് കോൺക്രീറ്റിംഗ്, സൈഡ് പ്രൊട്ടക്ഷൻ | 7 | 1623+248 | 13,097 |
| 2 | 185/18, കല്ലട വാഴപ്പള്ളി റോഡ് കോൺക്രീറ്റിങ്ങ് | 8 | 1275+230 | 12,040 |
| 3 | 124/18 ചിറയിൽകുളം നവീകരണം | 2 | 3525+635 | 8,320 |
| | ആകെ | | | 33,457 |

ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല

സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വിവിധോദ്ദേശ/സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമാക്കിയ ഗ്രാന്റുകൾ- ചെലവഴിക്കാതെ അവശേഷിക്കുന്നു

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദ്യേശങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 50,24,806 രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. വിവിധ സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നല്കിയ തുകയിൽ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 34,09,346 രൂപ കൂടി മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | എസ്.എസ്.എ വിഹിതം | 64,695 |
| 2 | റ്റി.എസ്.സി വിഹിതം | 2,28,009 |
| 3 | ശുചിത്വ മിഷൻ ഗ്രാന്റ് | 21,24,300 |
| 4 | വാർദ്ധക്യകാല പെൻഷൻ | 42,342 |

| | | |
|---|---|---|
| 5 | ബ്ലോക്ക് പഞ്ചായത്ത് | 5,00,000 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 50,000 |
| 6 | ജില്ലാ പഞ്ചായത്ത് | 4,00,000 |
| | ആകെ | 34,09,346 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. മേൽ വിവരിച്ചതു പ്രകാരം വിവിധ സ്രോതസുകളിൽ നിന്നും ലഭിച്ച 34,09,346 രൂപ നിർദ്ദിഷ്ട ലക്ഷ്യത്തിന് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം അതതു ശീർഷകങ്ങളിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്ക് മെയിന്റനൻസ്/സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

I)

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | 2/18, തെരുവുവിളക്കുകൾക്ക് എ.എം.സി. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,01,250(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,55,175(ഐ.കെ.എം. പത്രികപ്രകാരം)<br>(709065202200995292/09.02.2018) |
| കരാറുകാരൻ | ശ്രീ.സജീവ് ഇ.ആർ., ഇല്ലീക്കൽ ഹൗസ്, പയസ് മൗണ്ട് |

മേൽ പറയുന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പതിമൂന്ന് വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ എത്ര തെരുവുവിളക്ക് (പോസ്റ്റ് നമ്പറടക്കം) ഉണ്ടെന്നതിന് കണക്കില്ല.

2. പുതിയവയുടെ സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗരഹിതമായവയുടെ രജിസ്റ്റർ എന്നിവ വർഷാവസാനം സെക്രട്ടറി റിക്കൺസൈൽ ചെയ്യുന്നതിന്റെ വിവരങ്ങൾ. പുതിയ വിളക്കുകളുടെ വാറന്റി കാലയളവ് വിശദാംങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

3. തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് പര്യാപ്തമായ സംവിധാനം പഞ്ചായത്തിൽ ഒരുക്കിയിട്ടില്ല.

4. ഭരണസമിതി, കെ.എസ്.ഇ.ബി., യൂസർഗ്രൂപ്പുകൾ എന്നിവയടങ്ങിയ മോണിറ്ററിംഗ് സംവിധാനം രൂപീകരിച്ചിട്ടില്ല.

5. മെയിന്റനൻസ് ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി(18%), ഐടി(2%) എന്നിവ ഈടാക്കിയിരുന്നില്ല.

6. കെ.എസ്.ഇ.ബി. യ്ക്ക് സൂപ്പർ വിഷൻ ചാർജ്ജ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

II)

| | | |
|---|---|---|
| പ്രോജക്ട് നം./<br>പ്രോജക്ടിന്റെ പേര് | 7/18,<br>സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ | 10/18,<br>സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 6,07,000(പദ്ധതി വിഹിതം) | 2,04,432(എസ്.സി.പി) |

| | | |
|---|---|---|
| ചെലവ് | 5,59,300(ഐ.കെ.എം. പത്രികപ്രകാരം)<br>(170906520225500247575/12.07.2017) | 1,64,500(ഐ.കെ.എം.പത്രികപ്രകാരം)<br>(170906520220024 7939/12.07.2017) |
| കരാറുകാരൻ | ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് | ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഞ്ച് ലക്ഷത്തിനുമുകളിലുള്ള മുകളിലുള്ള പ്രോജക്ടുകൾക്ക് ഇ-ടെൻഡർ ക്ഷണിക്കേണ്ടതാണെന്ന നിയമം പാലിച്ചിട്ടില്ല.

2. കൂടിയ ക്വട്ടേഷൻ സമർപ്പിച്ച ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണമായി സൂചിപ്പിച്ചിരിക്കുന്നത്. ക്വട്ടേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്പെസിഫിക്കേഷൻ | ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനം | വില |
|---|---|---|
| 12 W LED | കേരള സംസ്ഥാന വ്യവസായ വകുപ്പ്, കൊച്ചി(kerala State Industrial Department) | 21,700 |
| 12 W LED | ഉഷാ ഇലക്ട്രോണിക്സ് സിസ്റ്റംസ് | 30,900 |
| 12 W LED | കെൽട്രോൺ, അരൂർ | 19,950 |
| 12 W LED | ഇഗാടെക്, കാക്കനാട് | 23,873 |

പാലാ ഗവ. പോളിടെക്നിക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ട്(Technical Report) ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. ഒരേ സ്പെസിഫിക്കേഷനുള്ള സോളാർ തെരുവുവിളക്കുകൾക്ക് രണ്ട് പ്രോജക്ടുകൾക്കും വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ 2/18, 7/18, 10/18 എന്നീ പ്രോജക്ടുകൾക്കായി ചെലവഴിച്ച 8,78,975 രൂപയുടെ (155175+559300+164500)ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 കുടിവെള്ളടാപ്പുകളുടെ വെള്ളക്കരം അടവാക്കാത്തതു സംബന്ധിച്ച്

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ വെള്ളൂർ-വെളിയന്നൂർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 48 പൊതുടാപ്പുകളാണ് പഞ്ചായത്തിലുണ്ടായിരുന്നത്. എസ്.സി. കോളനികൾ. അങ്കണവാടികൾ, ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലുണ്ടായിരുന്നവയിൽ ഭൂരിഭാഗം പൈപ്പുകളും പ്രവർത്തനക്ഷമമല്ലാതിരുന്നതിനാൽ 11.12.17 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 11-ാം നമ്പർ തീരുമാനപ്രകാരം സംയുക്തപരിശോധന നടത്തുകയും ഉപയോഗസൂന്യമായ ടാപ്പുകൾ വിച്ഛേദിച്ച് ടാപ്പുകളുടെ എണ്ണം 17 ആയി നിജപ്പെടുത്തുകയും ചെയ്തു. ആയതിൽ പ്രകാരം 2018 നവംബർ മാസം വരെ അടവാക്കേണ്ടിയിരുന്ന കുടിശ്ശിക തുകയായ 19,29,162 രൂപ എന്നത് കുറവ് ചെയ്ത് 11,21,820 എന്നാക്കി കുറച്ച് നൽകിയിട്ടുണ്ട്. ടി തുക പലിശ വർദ്ധനവുണ്ടാകുന്നതിനു മുൻപേ വാട്ടർ അതോറിട്ടിയിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നല്കി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ജി.ഒ.(പി)30/2016 ഫിൻ 29.02.2016, ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.5.17 ലെ ഡിബി3/6512(B)/13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെപറയുന്ന പ്രവൃത്തികളുടെ ഡേറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് തയ്യാറാക്കിയിരുന്നത്. ഫൈനൽ ബിൽ നൽകിയപ്പോൾ 2.5% തുക കുറവ് ചെയ്യാതിരുന്നതിനാൽ

കൺവീനർമാർക്ക് അധികം തുക നൽകാനിടയായി.

| ക്രമ നം. | പ്രോജക്ട് | കൺവീനർ | ആകെ വേലമൂല്യം | കൺവീനർക്ക് നൽകേണ്ട തുക | കൺവീനർക്ക് നൽകിയ തുക | അധികം നൽകിയ തുക | ബിൽ നം. |
|---|---|---|---|---|---|---|---|
| 1 | കട്ടയ്ക്കൽ കല്ലിട്ടുക്കി കനാൽ റോഡ് റീടാറിങ്ങ് | ശ്രീ. സ്റ്റീഫൻ എ.ഒ. | 4,64,436 | 4,15,670 | 4,27,281 | 11611 (464436x2.5%) | 20/17.7.17 |
| 2 | കാവുകാട്ട് പുതുമന റോഡ് ടാറിങ്ങ് | ശ്രീ. അഗസ്റ്റ്യൻ മാത്യു | 1,48,025 | 1,32,482 | 1,36,183 | 3701 (148025x2.5%) | 24/24.8.17 - 121083<br>ചെക്ക് നം.2633375/ 21.10.17-26942 |
| | ആകെ | | | | | 15,312 | |

ഇപ്രകാരം 15,312/-രൂപ കൺവീനർമാർക്ക് അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 15,312/-രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 റോഡ് പ്രവൃത്തികൾ -ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ വില (238+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. & പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിൻ (in Kg) | | | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ബാരലിന്റെ വില @281 |
|---|---|---|---|---|---|---|---|
| | | | RS1 | SS1 | S65 | | |
| 1 | പയസ്മൗണ്ട് അമ്പലം - ചിറത്തോട് റോഡ് റീടാറിംഗ് | പി.എ.ജോസഫ് | 77.23 | - | 770 | 6 | 1,686 |
| 2 | എള്ളുംകുന്നേൽ - തേരുംതാനത്ത് റോഡ് | മത്തായി ചുമ്മാർ | 71.78 | 221.85 | 550.71 | 6 | 1,686 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സോളിംങ്, മെറ്റലിംഗ് | | | | | | |
| 3 | പയസ്മൗണ്ട് (ആളോത്ത്) - മോനിപ്പള്ളി റോഡ് റീടാറിംഗ് | സിബി ജോസഫ് | 121.81 | 73.95 | 120.66 | 3 | 843 |
| 4 | വെട്ടുവേലി - ചുരുണാപ്പാറ റോഡ് റീടാറിംഗ് | സിബി ജോസഫ് | 103.28 | - | 1089.54 | 7 | 1967 |
| 5 | അട്ടക്കാനാൽ - മണിയാക്കുപാറ റോഡ് റീടാറിംഗ് | സിബി ജോസഫ് | 254.6 | 172.72 | 2514.2 | 19 | 5339 |
| 6 | കോഴംപ്ലാക്കിൽ - വെട്ടുത്തുകണ്ടത്തിൽ - ഉലകുംപുഴ റോഡ് ടാറിംഗ് | എൻ.ഇ.കുര്യൻ | 33 | 96.9 | 253 | 3 | 843 |
| 7 | എൻ.എസ്.എസ് കരയോഗം പുതുവേലി റോഡ് റീടാറിംഗ് | ദിലീപ് ജോസഫ് | 101.52 | 65.88 | 1015.92 | 9 | 2529 |
| 8 | നിരപ്പുപുറം - കുട്ടക്കപ്പാറ റോഡ് റീടാറിംഗ് | പി.എൻ. സുധാകരൻ | 137.94 | 123.42 | 1335.04 | 11 | 3091 |
| 9 | പയസ്മൗണ്ട് - പാലച്ചുവട് റോഡ് സോളിംഗ്, മെറ്റലിംഗ് | ഷാജി ജോസഫ് ഇലവുത്തിങ്കൽ | 183.68 | 242.25 | 1708.24 | 15 | 4215 |
| 10 | ഉഴവൂർ - പൊയ്യാനിമല - ചേറാടിൽ റോഡ് റീടാറിംഗ് | മത്തച്ചൻ എം., വാടാന | 146.3 | 452.2 | 1122.52 | 12 | 3372 |
| 11 | കുട്ടക്കപ്പാറ - ചിറത്തോട് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | മത്തായി ചുമ്മാർ | 118.39 | 365.925 | 908.36 | 10 | 2810 |
| 12 | പെരുന്താനം - ചിറയിൽ കുളം - ചെത്തിമറ്റം റോഡ് റീടാറിംഗ് | ജോണി ജോസഫ് | 29.7 | 91.8 | 221.4 | 3 | 843 |
| 13 | കരമ്യാലിൽ - മാടപ്പറമ്പിൽ റോഡ് റീടാറിംഗ് | പി.എ. ജോസഫ് | 86.06 | 68.9 | 881.2 | 8 | 2248 |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | കല്ലട - പച്ചിലമ്മാക്കിൽ റോഡ് റീടാറിംഗ് | പി.എ. ജോസഫ് | 71.87 | 78.2 | 678.69 | 6 | 1686 |
| | ആകെ | | | | | | **33,158** |

ഇപ്രകാരം ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 27.3.19ൽ നൽകിയ 19-ാം നമ്പർ അന്വേക്ഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-5 ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്തില്ല. വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകി

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കരാറുകാരന് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. 2017-18 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവർത്തിയുടെ ഡേറ്റാ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. നികുതിയിനത്തിൽ 3% തുകയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ 7% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം.ഡി.ബി3-9058/1/സി.ഇ/എൽ.എസ്.ജി.ഡി തീ: 16.3.2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 7% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

229/18 കല്ലട പുത്തോലിക്കൽ വാഴപ്പള്ളി റോഡ് റീടാറിങ്ങ്

അടങ്കൽ-49,000

ചെലവ്- 48,880 ബിൽ നം.97/26.03.18

കൺവീനർ-ശ്രീ.ചന്ദ്രൻ നായർ ഒ.എസ്.

അളവ് പുസ്തകം-78/17-18

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 48,880 | 48,880 |
| കുറയ്ക്കുക-ഐ.ടി (2%) | 978 | 978 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 489 | 489 |
| ഓവർ ഹെഡ് ചാർജ് (7%) | 3,422 | 0 |
| നെറ്റ് തുക | 43,991 | 47,413 |
| അധികം നൽകിയ തുക | 3,422 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 25.03.19ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.അധികം നല്കിയ തുക കൺവീനറിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

## 3-6 പഞ്ചായത്ത് ഓഫീസ് ഹാളിന് സ്റ്റേജ് നിർമ്മാണം-അലൂമിനിയം ഷീറ്റിനു പകരം ജി.ഐ. ഷീറ്റുപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചു,-അലൂമിനിയം ഷീറ്റിന്റെ നിരക്ക് നൽകി

പ്രോജക്റ്റ് നം.228/18

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ

കരാറുകാരൻ-ജോയൻ എ.ജെ.

അളവ് പുസ്തകം-78/17-18

ചെലവ്-1,24,326
ബിൽ നം.94/26.3.18

ജി ഐ ഹോളോ സെക്ഷൻ, മൾട്ടിവുഡ് ബോർഡ് എന്നിവ ഉപയോഗിച്ച് സ്റ്റേജ് നിർമ്മാണവും ഹാളിന്റെ ചുറ്റോടുചുറ്റും പ്ലെയിൻ പൗഡർ കോട്ടഡ് അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് അടവാക്കുന്നതിനുമാണ് പ്രോജക്റ്റ് റിവൈസ് ചെയ്തിരുന്നത്. പ്രസ്തുത പ്രോജക്റ്റിന്റെ extra item 1 – Providing 30 cm overall with Polymer coated J Or L hooks, bolts and nuts 8mm dia GI limpet and bitumen washer complete എന്നതാണ്. അളവുപുസ്തകം പ്രകാരം പ്രസ്തുത ഇനം 52.35 m നിർവ്വഹിച്ചതിന് 934.72/m ന് 48,932.59 രൂപ കരാറുകാരന് മാറി നൽകിയിട്ടുണ്ട്. എന്നാൽ 26.03.19ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ അലൂമിനിയം ഷീറ്റിനു പകരം ജി.ഐ. ഷീറ്റ് ഉപയോഗിച്ചാണ് നിർവ്വഹണം നടത്തിയിരിക്കുന്നത് എന്ന് കാന്തം ഉപയോഗിച്ചുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. ജി.ഐ. ഷീറ്റ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് അലൂമിനിയം ഷീറ്റിന്റെ നിരക്ക് നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നും പ്രസ്തുത ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് രേഖാമൂലം മറുപടി നൽകിയില്ല. ജി.ഐ. ഷീറ്റ് ഉപയോഗിച്ച് നിർവ്വഹിച്ച പ്രവൃത്തിക്ക് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയിട്ടില്ല എന്ന് അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചിട്ടുണ്ട്.

അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന അലൂമിനിയം ഷീറ്റ് എന്ന ഇനത്തിൽ നിന്നും വ്യത്യസ്തമായി വിലയിലും ഗുണനിലവാരത്തിലും താഴെ നിൽക്കുന്ന ജി.ഐ.ഷീറ്റ് ഉപയോഗിക്കുകയും അലൂമിനിയം ഷീറ്റിന്റെ നിരക്കിൽ ആകെ വേലമൂല്യം കണക്കാക്കി തുക നൽകുകയും ചെയ്തു നടപടി ക്രമപ്രകാരമല്ല. ഈയിനത്തിൽ അധികം ചെലവഴിച്ച തുക കണക്കാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം പണികൾക്ക് മേൽനോട്ടം വഹിക്കുകയും അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുടർ കാലയളവിൽ ഇത്തരം പ്രവൃത്തികളിൽ അപാകതകൾ ഒഴിവാക്കുവാൻ വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടെയും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും ജാഗ്രത ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്റ്റിനായുള്ള 1,24,326 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജലം ശേഖരിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് 2 കിയോസ്കുകൾ അനുവദിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ വാട്ടർ കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും അനുബന്ധച്ചെലവുകൾക്കുമായി തനത് ഫണ്ടിൽ നിന്നും 37,180/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

സ.ഉ (സാധാ)നം 787/2017 ഡി.എം.ഡി തീ:23.2.2017 പ്രകാരം റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന ടാങ്കുകൾക്ക് പ്ലാറ്റ് ഫോം നിർമ്മാണവും തുടർ നടത്തിപ്പും തദ്ദേശ സ്ഥാപനം നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി ഉത്തരവു പ്രകാരം കിയോസ്കുകളിൽ എപ്പോഴും പകുതി ഭാഗമെങ്കിലും ജലലഭ്യത ഉറപ്പുവരുത്തേണ്ടതും പാത്രങ്ങളിൽ ജലം ശേഖരിക്കുന്നതിന് സഹായകമായ രീതിയിൽ വാട്ടർ ടാപ്പുകളും അനുബന്ധ ഉപകരണങ്ങളും തദ്ദേശ സ്ഥാപനം സ്ഥാപിക്കേണ്ടതുമാണ്.കൂടാതെ സ്ഥാപിക്കുന്ന എല്ലാ ടാങ്കുകളിലും

"വരൾച്ച 2016-17 കേരളസർക്കാർ"എന്ന് രേഖപ്പെടുത്തേണ്ടതാണെന്ന് ദുരന്തനിവാരണവകുപ്പിന്റെ 2.3.17 ലെ 852/17/DMD നം ഉത്തരവിൽ പറയുന്നു.
പഞ്ചായത്തിലെ 2വാർഡുകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ വാട്ടർകിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

വാർഡ് 6 കല്ലടകോളനി

" 7പൂൽപ്പാറ SC കോളനി

26.2.19 തീയതിയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ ടാങ്കുകൾക്ക് പ്ലാറ്റ്ഫോം നിർമ്മിച്ചിട്ടുണ്ടെങ്കിലും വെള്ളം എടുക്കുന്നതിനായി വാട്ടർടാപ്പുകൾ സ്ഥാപിച്ചിട്ടില്ലെന്നും ടാങ്കുകളിൽ സർക്കാർനിർദ്ദേശപ്രകാരമുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ലെന്നും കാണപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 26.3.19ൽ നൽകിയ 15-ാം നമ്പർ അന്വേഷണക്കുറിപ്പിന് പദ്ധതിയുടെ പൂർത്തീകരണ സമയത്ത് വെള്ളം ശേഖരിക്കുന്നതിനായി വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിരുന്നതാണെന്നും കിയോസ്കിന്റെ പരിസരത്തുണ്ടായ വാഹനാപകടത്തിൽ ടാപ്പ് നശിച്ച് പോയതാണെന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള രേഖപ്പെടുത്തൽ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്

എന്നാൽ 37,180/- രൂപ ചെലവഴിച്ച് സ്ഥാപിച്ച വാട്ടർ കിയോസ്കുകൾ നാളിതുവരെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കാതിരുന്നതിനാൽ ടി ചെലവ് പാഴ്ചെലവായി മാറിയിരിക്കുന്നു. ടാങ്കുകൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കേണ്ടതും ഓരോ പ്രദേശത്തും സ്ഥാപിച്ചിട്ടുള്ള കിയോസ്കുകൾ സംരക്ഷിക്കുന്നതിന് അതതു പ്രദേശത്തെ വാർഡുമെമ്പറുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സർക്കാർനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനുള്ള ബദൽസംവിധാനമായാണ് വാട്ടർകിയോസ്കുകൾ സ്ഥാപിക്കേണ്ടതെന്നും വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനു പകരം കുടിവെള്ളവിതരണം കിയോസ്കുകളിൽ കൂടി മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകാത്ത വിധമാണ് ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. വാട്ടർ കിയോസ്കുകൾ നശിച്ചു പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പരമാവധി സഹായം എന്ന നിലയിൽ സർക്കാരും തദ്ദേശ സ്ഥാപനവും സംയുക്തമായി ചെയ്യേണ്ടുന്ന പ്രവൃത്തി പ്രയോജനകരമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 3-8 നിക്ഷേപപ്രവൃത്തികൾ-തുടർനടപടികളുടെ വിശദാംശം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക(ട്രഷറി ബിൽ നം.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 67/18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കലും പോസ്റ്റ് മാറ്റിയിടലും | 11,83,947/-(17090652022500949979/29.01.2018)<br>5,85,547/-(17090652022500605904 /29.01.2018)<br>3,796(17090652022500605904/29.01.2018)<br>21,085(17090652022500477757/29.01.2018) | 17,94,375/- | - |

| | | | | |
|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 77/18 പുൽപ്പാറ വാർഡിൽ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | 2,00,000/-(17090652022500677042 /14.11.2017) | 2,00,000/ | - |
| കെ.ഡബ്ല്യൂ.എ | 219/18 അട്ടക്കനാൽ ചേറ്റുകളം റോഡ് മുറിച്ച് പൈപ്പിടുക | 1,47,538/-(17090652022500677052 /29.1.18) | 1,47,538 | |
| | | ആകെ | 21,41,913 | |

പ്രോജക്റ്റ് നമ്പർ 225/17വെട്ടുവേലി-ചൂരണപ്പാറ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിയ്ക്കായി 1,46,000/-(17090652022500885781/12.01.2018) രൂപ കെ.ഡബ്ല്യൂ.എ -യിൽ നിക്ഷേപിച്ചിരുന്നു. 1,11,514 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കെ.ഡബ്ല്യൂ.എയിൽ ശേഷിയ്ക്കുന്ന 34,486 രൂപ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-9 കയർ ഭൂവസ്ത്രനിർമ്മാണം-പാഴ്ചെലവ്

2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം കയർ ഭൂവസ്ത്രം സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | വാർഡ് | ലേബർ കോസ്റ്റ് | മെറ്റീരിയൽ കോസ്റ്റ് | ആകെ |
|---|---|---|---|---|---|
| 1 | ചിറത്തോട് അരിക്കുഴിതോട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ | III | 28,087 | 20,225 | 48,312 |
| 2 | നെല്ലാമറ്റം ആനന്ദാനം തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ | IV | 1,55,637 | 1,18,484 | 2,74,121 |
| 3 | പുതുമന കാവുകാട്ട് തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ | IX | 76,128 | 63,810 | 1,39,938 |
| 4 | പാട്ടുശ്ശേരി തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ | X | 70,950 | 18,829 | 89,779 |
| 5 | അട്ടക്കനാൽ തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ | XI | 93,591 | 56,102 | 1,49,693 |
| | | | 4,24,393 | 2,77,450 | 7,01,843 |

കയർ ഭൂവസ്ത്രം നിർമ്മിയ്ക്കുന്നതിനായി 7,01,843 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അഞ്ച് വാർഡുകളിലെയും കയർ ഭൂവസ്ത്രം വെള്ളപ്പൊക്കത്തിൽ പൂർണ്ണമായും നശിച്ച അവസ്ഥയിലാണെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. വൻതുക ചെലവഴിച്ച് പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത പ്രോജക്റ്റുകളുടെ കാര്യക്ഷമതയും ആസ്തിസൃഷ്ടിക്കലും കൂടി പരിഗണിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,00,000 | ചിറയിൽക്കുളം നവീകരണം | 0 | 4,00,000 |
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | ചിറയിൽക്കുളം നവീകരണം | 0 | 5,00,000 |
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 0 | 50,000 |
| ജില്ല പഞ്ചായത്ത്, കോട്ടയം | 2017-18 | 2,00,000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി | 2,00,000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക(ട്രഷറി ബിൽ നം.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 67/18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കലും പോസ്റ്റ് മാറ്റിയിടലും | 11,83,947/-(17090652022500949979/29.01.2018)<br>5,85,547/-(17090652022500605904 /29.01.2018)<br>3,796(17090652022500605904/29.01.2018)<br>21,085(17090652022500477757/29.01.2018) | 17,94,375/- | ഇല്ല |
| കെ.ഡബ്ല്യൂ.എ | 225/17 വെട്ടുവേലി-ചൂരണപ്പാറ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1,46,000/-(17090652022500885781 /12.01.2018) | 1,46,000/- | 34486 |
| കെ.ഡബ്ല്യൂ.എ | 219/18 ആട്ടക്കനാൽ ചേറ്റുകുളം റോഡ് മുറിച്ച് പൈപ്പ് ഇടുക | 1,47,538/-(17090652022500677052 /29.01.2018) | 1,47,538/- | ഇല്ല |
| കെ.ഡബ്ല്യൂ.എ | 77/18 പുൽപ്പാറ വാർഡിൽ | 2,00,000/-(17090652022500677042 /14.11.2017) | 2,00,000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ നീട്ടൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവ് ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിവൽ തൻവർഷം (2017-18) ലഭിച്ച തുപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2005-06 | 2(1) | 60 | പി.ജെ.ജോസഫ്, പയസ്മൗണ്ട് പോസ്റ്റ് ഓഫീസ് | 117050100070/04.04.2017 |
| 2005-06 | | 60 | പി.ജെ.ജോസഫ്, പയസ്മൗണ്ട് പോസ്റ്റ് ഓഫീസ് | 117050100071/04.04.2017 |
| 2016-17 | 2(2) | 600 | സാന്തോം മെറ്റാ കാസ്റ്റ് പ്രൊഫഷൻ ടാക്സ് | 117050100178/12.04.2017 |
| 2016-17 | | 600 | ഷീബാ തോമസ്, കിഴക്കേപ്പുറത്ത് പ്രൊഫഷൻ ടാക്സ് | 117050100303/25.04.2017 |
| 2016-17 | | 600 | സൈമൺ റ്റി.റ്റി., തോട്ടത്തിൽ | 117050100790/25.06.2017 |
| 2016-17 | | 600 | ലൈസൻസ് ഫീ ഇൻഢസ്റ്റ് സനിൽ ബി.ആറ്റൂർ | 117050100886/05.07.2017 |
| 2016-17 | | 2,500 | പ്രൊഫഷൻ ടാക്സ് പെട്രോൾ പമ്പ് | 117050100796/10.07.2017 |
| 2016-17 | | 600 | സാബു തോമസ്, പുളിക്കൽ | 117050100950/11.07.2017 |
| 2016-17 | | 2,800 | പ്രൊഫഷൻ ടാക്സ് മലബാർ സ്റ്റീൽസ് | 117050101359/23.08.2017 |
| 2016-17 | | 1,250 | പ്രൊഫഷൻ ടാക്സ് ബിവറേജസ് കോർപ്പറേഷൻ | 117050101361/24.08.2017 |
| 2016-17 | | 600 | പ്രൊഫഷൻ ടാക്സ് സാന്തോം മെറ്റാ കാസ്റ്റ് | 117050102887/29.11.2017 |
| 2016-17 | | 3,930 | പ്രൊഫഷൻ ടാക്സ് ലിറ്റിൽ ഫ്ലവർ വിദ്യാനികേതൻ | 117050103783/28.12.2017 |

| | | | | |
|---|---|---|---|---|
| 2016-17 | | 3,750 | ഷോപ്പ് ഇൻ ചാർജ് സപ്ലൈകോ പ്രൊഫഷൻ ടാക്സ് | 117050105664/28.03.2018 |
| 2016-17 | | 2,500 | ഷോപ്പ് ഇൻ ചാർജ് സപ്ലൈകോ പ്രൊഫഷൻ ടാക്സ് | 117050105665/28.03.2018 |
| ആകെ | | **20,450** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 7-ഡി | 2002-03 | 5-6(1) | അധികം തുക പിൻവലിച്ച് ക്രമക്കേട് നടത്തിയത് സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 6,37,99,274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,30,04,884 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31,45,214 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1, 2) | 8,78,975 | ശ്രീമതി രാജരാജേശ്വരി എസ്., സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 1,24,326 | ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 21,41,913 | ശ്രീമതി രാജരാജേശ്വരി എസ്., സെക്രട്ടറി |
| ആകെ | **31,45,214** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1-1, 2-1-2, 3-6

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(1)/18/08.02.2018 |
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(2)/18/08.02.2018 |
| 1999-2000, 2001-02(പ്ലാൻ) | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(3)/18/08.02.2018 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(4)/18/08.02.2018 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(6)/18/08.02.2018 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(4)/18/08.02.2018 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(7)/18/08.02.2018 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(9)/18/08.02.2018 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(10)/18/08.02.2018 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4/290/15/25.1.16 |
| 2013-14, 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/689/16/5.9.2016 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.4/483/17/23.5.17 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.4/1832/17/06.01.2017 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി**4-318/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**24.04.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം